# പറയുവാൻ മാത്രം

തമ്പി ആന്റണി

കാടൊന്നിളകുന്ന
കാറ്റൊരുന്നു വീശുവാൻ
കണ്ണൊന്നു കുളിരുന്ന
കാടൊന്നു കാണുവാൻ
മണ്ണൊന്നിളകുന്ന
മഴയൊന്നു പെയ്യുവാൻ
നാടെങ്ങും പടരുന്ന
നദിയൊന്നു നിറയുവാൻ
നാണം കുണുങ്ങുന്ന
പെണ്ണൊന്നു കാണുവാൻ
പെണ്ണൊന്നിളകുന്ന
മനസ്സൊന്നാകുവാൻ
പക്ഷികൾ പാടുന്ന
രാവൊന്നുണരുവാൻ
പാടം കൊയ്യുന്ന
പാട്ടൊന്നു കേൾക്കുവാൻ
പുലർകാലമഞ്ഞിന്റെ
പുതപ്പൊന്നു പുണരുവാൻ
കോഴികൾ കൂവുന്ന
കേട്ടൊന്നുണരുവാൻ
മാടുകൾ മേയുന്ന
മേടൊന്നു കാണുവാൻ

കാലങ്ങൾ പോയന്നുത-
റിയുന്നുവെങ്കിലും
കാണാത്തതെല്ലാ
മോഹങ്ങളാണെന്ന്
വെറുതെ ഇരുന്നൊന്നു
പറയുവാൻ മാത്രം

********